# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1069      11.02.2016 ൽ മറുപടിക്ക്

### വിജിലൻസ് പരിശോധന

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഹയർസെക്കണ്ടറി വിഭാഗം കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നടന്ന വിജിലൻസ് പരിശോധനയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് വിജിലൻസ് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ടി ഓഫീസിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലുണ്ടായ കാലതാമസവും മറ്റ് അപാകതകളുമാണ് പ്രധാനമായും വിജിലൻസ് റിപ്പോർട്ടിലെ ഉള്ളടക്കം. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ബി) റിപ്പോർട്ട് പ്രകാരം നടപടിക്ക് ശിപാർശ ചെയ്തിട്ടുള്ള 14 ഉദ്യോഗസ്ഥർക്കെതിരെയുള്ള കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും തയ്യാറാക്കി വരുന്നു. |
| (സി) പ്രസ്തുത ഓഫീസിൽ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (സി), (ഡി) വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) പ്രസ്തുത ഓഫീസിനെക്കുറിച്ച് ഉയർന്നു കൊണ്ടിരിക്കുന്ന ആരോപണങ്ങൾ ഡയറക്ടർ നേരിട്ട് അന്വേഷിച്ച് ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്